## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1391 — 06/02/2020 ൽ മറുപടിക്ക്

## കോട്ടയം ജില്ലയിലെ സബ് ഡിവിഷൻ സർവേ

**ചോദ്യം**
**ശ്രീ.അൻവർ സാദത്ത്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോട്ടയം ജില്ലയിലെ വിവിധ താലൂക്കുകളിൽ സബ് ഡിവിഷൻ സർവ്വേയ്ക്ക് അപേക്ഷ കൊടുക്കുമ്പോൾ റീസർവ്വെ അംഗീകരിച്ച് നൽകിയ വിസ്തീർണ്ണം മാനദണ്ഡമാക്കാതെ ആധാര പ്രകാരമുള്ള വിസ്തീർണ്ണം നിലനിർത്തുകയും ബാക്കിയുള്ള വിസ്തീർണ്ണം പഴയ തണ്ടപ്പേരുകളിൽ നിലനിർത്തുകയും ചെയ്യുന്നത് നിയമാനുസൃതമാണോ; | (എ) & (ബി) | റീസർവ്വെ നടത്തി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ റീസർവ്വെ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബേസിക് ടാക്സ് രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവ പ്രകാരമാണ് ഭൂമി സംബന്ധമായ തുടർനടപടികൾ സ്വീകരിക്കുന്നത്. എന്നാൽ ചില കേസുകളിൽ ഭൂമി വിസ്തീർണ്ണം മുൻ റിക്കാർഡുകളുമായി വ്യത്യാസപ്പെട്ട് കണ്ടതിനാൽ റീസർവ്വെ റിക്കാർഡിൽ കാണിച്ചിരിക്കുന്ന വിസ്തീർണ്ണം അടിസ്ഥാന രേഖയായി കണക്കാക്കി പോക്കുവരവ് ചെയ്യാവുന്നതാണെന്നു കാണിച്ച് റവന്യൂ ബോർഡ് (സർവ്വെ) 18/09/91 ലെ സർവ്വെ ബി1-19446/91 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ പ്രകാരം തുടർനടപടി സ്വീകരിക്കാൻ 12/10/2015 ൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | റീസർവ്വെ വിസ്തീർണ്ണമാണോ അതോ ആധാര വിസ്തീർണ്ണമാണോ റവന്യൂ അധികാരികൾ മാനദണ്ഡമാക്കേണ്ടത് എന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഇപ്രകാരം സബ് ഡിവിഷൻ ചെയ്ത് മുൻ തണ്ടപ്പേരുകക്ഷികളുടെ പേരിൽ കിടക്കുന്ന വസ്തു പട്ടയം നൽകി റഗുലറൈസ് ചെയ്യുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ